ഉത്തരം

(എ) ശുചിത്വമിഷൻ വഴി നടപ്പിലാക്കുന്ന പദ്ധതികൾ

(എ) ശുചിത്വകേരളം മാലിന്യ സംസ്കരണ പദ്ധതി നഗരത്തിൽ

(ബി) ശുചിത്വകേരളം മാലിന്യ സംസ്കരണ പദ്ധതി ഗ്രാമത്തിൽ

(സി) സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ)

(ഡി) സ്വച്ഛ് ഭാരത് മിഷൻ (അർബൻ)

(ബി) ഇതുവരെ ലഭിച്ച കേന്ദ്ര സഹായം - 11125.33 ലക്ഷം.

(സി) ഇതുവരെ ലഭിച്ച സംസ്ഥാന വിഹിതം - 19383.55 ലക്ഷം.

ഇതുവരെ സംസ്ഥാന വിഹിതത്തിൽ നിന്നും ചെലവഴിച്ച തുക-18390 ലക്ഷം.

അയൽക്കൂട്ടം

280 (1658) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പഞ്ചായത്തീരാജ് സംവിധാനം ശക്തിപ്പെടുത്തുന്നതിന് ആവിഷ്കരിച്ചിട്ടുള്ള അയൽക്കൂട്ടം സംബന്ധിച്ച വിശദാംശം വെളിപ്പെടുത്തുമോ; അയൽക്കൂട്ടം തെരഞ്ഞെടുക്കേണ്ട സമിതികളുടെ എണ്ണം, അംഗങ്ങളുടെ സവിശേഷത എന്നിവയുടെ പ്രത്യേകം മാനദണ്ഡമോ മാർഗ്ഗനിർദ്ദേശമോ നൽകിയിട്ടുണ്ടോ എന്നറിയിക്കാമോ?

ഉത്തരം

13-11-2014-ലെ സ.ഉ.(പി) നമ്പർ 198/2014/ത.സ്വ.ഭ.വ. നമ്പർ ഉത്തരവു പ്രകാരം കുടുംബശ്രീ കമ്മ്യൂണിറ്റി ഡെവലപ്മെന്റ് സൊസൈറ്റി (സി.ഡി.എസ്.)യുടെ പരിഷ്കരിച്ച ബൈലായ്ക്ക് അംഗീകാരം നൽകി ഉത്തരവായിട്ടുണ്ട്. ടി സർക്കാർ ഉത്തരവിൽ അയൽക്കൂട്ടം സംബന്ധിച്ച വിശദാംശങ്ങൾ വിവരിച്ചിട്ടുണ്ട്. ടി ഉത്തരവിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.*

പ്രവാസികൾക്ക് സമ്മതിദാനം വിനിയോഗിക്കാൻ പദ്ധതി

281 (1659) ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. വർക്കല കഹാർ :
ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് ത്രിതല പഞ്ചായത്തുകളിൽ പ്രവാസി കേരളീയർക്ക് സമ്മതിദാനം വിനിയോഗിക്കാൻ പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) പദ്ധതി നടത്തിപ്പിന് ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ) ഉണ്ട്. 1950-ലെ ജനപ്രാതിനിധ്യ ആക്ടിലെ (1950-ലെ 43-ാം കേന്ദ്ര ആക്ട്) 20 എ വകുപ്പിൽ പറഞ്ഞ പ്രകാരമുള്ള ഏതൊരു പൗരനും അയാളുടെ പാസ്പോർട്ടിൽ സൂചിപ്പിച്ചിരിക്കുന്ന താമസസ്ഥലം സ്ഥിതിചെയ്യുന്ന നിയോജക മണ്ഡലത്തിലെ വോട്ടർ പട്ടികയിൽ രജിസ്റ്റർ ചെയ്യാൻ അവകാശം നൽകുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട്. പ്രവാസി ഭാരതീയർക്ക് വോട്ടർപട്ടികയിൽ പേര് ചേർത്തിട്ടുള്ള പോളിംഗ് സ്റ്റേഷനുകളിൽ നേരിട്ടുവന്ന് വോട്ട് ചെയ്യുന്നതിനുള്ള സൗകര്യം തദ്ദേശഭരണ സ്ഥാപനങ്ങളിലേയ്ക്ക് 2015-ൽ നടന്ന പൊതുതെരഞ്ഞെടുപ്പിൽ ഏർപ്പെടുത്തിയിരുന്നു.

(ബി) ഭാരതത്തിനുപുറത്ത് താമസിക്കുന്ന ഏതൊരു ഭാരത പൗരനും അദ്ദേഹത്തിന്റെ പേര് വോട്ടർ പട്ടികയിൽ ഉൾപ്പെടാതിരിക്കുകയും മറ്റൊരു രാജ്യത്തെ പൗരത്വം സ്വീകരിക്കാതിരിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ അപ്രകാരമുള്ള ആളിന്റെ പേര് അയാളുടെ പാസ്പോർട്ടിൽ സൂചിപ്പിച്ചിരിക്കുന്ന കേരളത്തിലെ താമസസ്ഥലം സ്ഥിതിചെയ്യുന്ന തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ നിയോജക മണ്ഡലത്തിലെ വോട്ടർ പട്ടികയിൽ രജിസ്റ്റർ ചെയ്യാൻ കഴിയും.

(സി) 1950-ലെ ജനപ്രാതിനിധ്യ ആക്ടിലെ 20 എ വകുപ്പിൽ പറഞ്ഞ പ്രകാരമുള്ള ഏതൊരു പൗരനും അയാളുടെ പാസ്പോർട്ടിൽ സൂചിപ്പിച്ചിരിക്കുന്ന താമസസ്ഥലം സ്ഥിതിചെയ്യുന്ന നിയോജക മണ്ഡലത്തിലേയ്ക്കുള്ള വോട്ടർ പട്ടികയിൽ സമ്മതിദായകനായി രജിസ്റ്റർ ചെയ്യാൻ അവകാശമുണ്ടായിരിക്കുന്നതാണെന്ന വ്യവസ്ഥകൾ ചേർത്തുകൊണ്ട് കേരള പഞ്ചായത്ത് രാജ് ആക്ടിൽ 21 എ വകുപ്പും കേരള മുനിസിപ്പാലിറ്റി ആക്ടിൽ 77 എ വകുപ്പും കൂട്ടിചേർത്ത് ഭേദഗതി ചെയ്തിട്ടുണ്ട്. ആക്ടിലെ ഭേദഗതിക്കനുസൃതമായി മേൽ വിഷയം സംബന്ധിച്ച് ഉചിതമായ വ്യവസ്ഥകൾ ചേർത്ത് 1994-ലെ കേരള മുനിസിപ്പാലിറ്റി (സമ്മതിദായകരുടെ രജിസ്ട്രേഷൻ) ചട്ടങ്ങളും കേരള പഞ്ചായത്ത് രാജ് (സമ്മതിദായകരുടെ രജിസ്ട്രേഷൻ) ചട്ടങ്ങളും ഭേദഗതി ചെയ്തിട്ടുണ്ട്. പ്രവാസി ഭാരതീയർക്ക് ഇപ്രകാരം വോട്ട് രേഖപ്പെടുത്തുന്നതിന് പ്രത്യേകമായ വോട്ടർ പട്ടിക തയ്യാറാക്കുകയും വോട്ടർ പട്ടികയിൽ പേര് ചേർക്കുന്നതിന് ഓൺലൈൻ സൗകര്യവും ഏർപ്പെടുത്തിയിരുന്നു.

കേന്ദ്രാവിഷ്കൃത ഫണ്ടുപയോഗിച്ച് സംസ്ഥാനത്ത് നടപ്പാക്കുന്ന പദ്ധതികൾ

282 (1660) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രാവിഷ്കൃത ഫണ്ടുകൾ ഉപയോഗിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി നടപ്പാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികൾ ഏതൊക്കെയാണെന്നും ഇതിൽ സമ്പൂർണ്ണമായും കേന്ദ്രസഹായത്തോടെയുള്ളതും ഭാഗികമായുള്ളതും ഏതെല്ലാമാണെന്നും ഓരോ പദ്ധതിയും ഏതുഘട്ടംവരെ പൂർത്തിയാക്കിയെന്നും വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly